**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5356 25.10.2011-ൽ മറുപടിക്ക്.

## എ.ഇ.ഓഫീസിന്റെ വാടകകുടിശ്ശിക

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. കെ.ടി.ജലീൽ : | | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം എ.ഇ.ഓഫീസ് കഴിഞ്ഞ 11 വർഷമായി ആരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത് ; | (എ) | തടത്തിൽ വിശ്വനാഥൻ, തടത്തിൽ ഹൗസ്, കുറ്റിപ്പുറം എന്നയാളുടെ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. |
| (ബി) | എന്നു മുതലാണ് എ.ഇ.ഒ ഓഫീസ് കുറ്റിപ്പുറം മിനി സിവിൽസ്റ്റേഷനിലേയക്ക് മാറ്റിയത് ; | (ബി) | 01.02.2011-ലാണ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയത്. |
| (സി) | മിനി സിവിൽസ്റ്റേഷനിലേക്ക് പ്രസ്തുത ഓഫീസ് മാറ്റുന്നത് വരെ 12 വർഷ കാലയളവിൽ എത്ര വർഷത്തെ വാടകയാണ് കെട്ടിട ഉടമയക്ക് നൽകിയിട്ടുള്ളത് ; | (സി) | 01.05.2000 മുതൽ 30.11.2009 വരെയുള്ള 9 വർഷത്തെയും 7 മാസത്തെയും വാടക നൽകിയിട്ടുണ്ട്. |
| (ഡി) | എത്ര വർഷത്തെ വാടകയാണ് ഇനി കെട്ടിട ഉടമയ്ക്ക് നൽകാനുള്ളത് ; | (ഡി) | 01.12.2009 മുതൽ 31.01.2011 വരെയുള്ള 14 മാസത്തെ വാടകയാണ് ഇനി നൽകുവാനുള്ളത് |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധമായി കെട്ടിട ഉടമയുടെ അപേക്ഷ എത്ര തവണയാണ് മതിയായ രേഖകളില്ലെന്ന കാരണം പറഞ്ഞ് മടക്കിയിട്ടുള്ളത്; | (ഇ) & (എഫ്) | വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അപേക്ഷ ഇതുവരെ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (എഫ്) | എ.ഇ.ഒ.യും ഡി.ഡിയും സർക്കാരിലേയ്ക്ക് അപേക്ഷ നൽകുമ്പോൾ ബന്ധപ്പെട്ട രേഖകൾ സഹിതമാണെന്ന് സാക്ഷ്യപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | | |
| (ജി) | കെട്ടിട ഉടമയക്ക് ഇതുവരെയും വാടക നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) | 01.12.2009 മുതൽ 31.01.2011 (14 മാസം) വരെയുള്ള വാടക കുടിശ്ശിക നൽകുവാനുണ്ട്. |
| (എച്ച്) | ഉണ്ടെങ്കിൽ ഇപ്പോൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ തീരുമാനമെടുത്ത് എന്ന് വാടക കുടിശ്ശിക തീർത്ത് കെട്ടിട ഉടമയക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എച്ച്) | അപേക്ഷ പൂർണ്ണരൂപത്തിൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.